**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 നേരിടുന്നതിനുള്ള സാധനങ്ങളുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് 19 നേരിടുന്നതിനുള്ള പി.പി.ഇ.കിറ്റ്, എൻ 95 മാസ്ക്, വെന്റിലേറ്റർ തുടങ്ങിയവ സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ; | (എ) | കോവിഡ് 19 വ്യാപനം നേരിടുന്നതിനുള്ള പി.പി.ഇ.കിറ്റ്, എൻ 95 മാസ്ക് തുടങ്ങിയവ സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. കൂടാതെ കോവിഡ് 19 വ്യാപനം നേരിടുന്നതിനുള്ള വെന്റിലേറ്റർ കേന്ദ്രഫണ്ട് ഉപയോഗിച്ച് സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ എത്രയെന്ന് വിലയിരുത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് 8 ലക്ഷം പി.പി.ഇ കിറ്റുകളും 10 ലക്ഷം എൻ 95 മാസ്കുകളും ആവശ്യമാണെന്ന് കേന്ദ്ര സർക്കാരിനെ 2020 മാർച്ച് മാസത്തിൽ അറിയിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മേൽ സാധനങ്ങൾ കേന്ദ്രം കൃത്യമായി വിതരണം നടത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ? | (സി) | M/s HLL LIFE CARE എന്ന സ്ഥാപനം മുഖേന 1,91,298 എണ്ണം പി.പി.ഇ. കിറ്റുകളും 5,20,702 എണ്ണം എൻ 95 മാസ്കുകളും, കേന്ദ്ര സർക്കാർ, സംസ്ഥാനത്തിന് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 480 വെന്റിലേറ്ററുകൾ കേന്ദ്ര സഹായമായി സംസ്ഥാനത്തിന് ലഭിച്ചു. |

സെക്ഷൻ ഓഫീസർ